പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 100

# 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 07-02-2018

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 100

# 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ

203/2018.

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 100

# 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ

2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റ് (2007-ലെ 8) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 നവംബർ 21-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 9-ാം വകുപ്പിനുള്ള ഭേദഗതി.—2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റിലെ (2007-ലെ 8) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 9-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"9. റോഡ് സുരക്ഷാ കമ്മീഷണർ.—സർക്കാരിന്, ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ മുഴുവൻ സമയ റോഡ് സുരക്ഷാ കമ്മീഷണറായി നിയമിക്കാവുന്നതാണ്.".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2017-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ഓർഡിനൻസ് (2017-ലെ 25) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

203/2018.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഓരോ സംസ്ഥാനത്തിന്റെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ നിയമങ്ങൾ നടപ്പിലാക്കുന്നത് ബഹു. സുപ്രീം കോടതിക്കുവേണ്ടി പരിശോധിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ബഹു. സുപ്രീംകോടതി രൂപീകരിച്ച റോഡ് സുരക്ഷയ്ക്കുള്ള സുപ്രീംകോടതികമ്മിറ്റി, റോഡ് സുരക്ഷാ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനു മാത്രമായി ഒരു ലീഡ് ഏജൻസി രൂപീകരിക്കുവാൻ സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകുകയുണ്ടായി. മന്ത്രിമാർ അല്ലെങ്കിൽ ഗതാഗത സെക്രട്ടറി, ട്രാൻസ്പോർട്ട് കമ്മീഷണർ തുടങ്ങിയവർ ചെയർമാനായി രൂപീകരിച്ച ലീഡ് ഏജൻസിയായ റോഡ് സുരക്ഷാ കൗൺസിലിന് ലീഡ് ഏജൻസിയുടെ കർത്തവ്യങ്ങൾ നിർവഹിക്കാൻ കഴിയുകയില്ലെന്നും അതിനാൽ കമ്മിറ്റി നിർദ്ദേശിക്കുന്ന പ്രകാരം മുഴുവൻ സമയം പ്രവർത്തിക്കുന്നതിനും റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ നടപ്പിലാക്കുന്നത് തുടർച്ചയായി നിരീക്ഷിക്കുന്നതിനും ഒരു കൗൺസിലിനോ കമ്മിറ്റിക്കോ കഴിയുകയില്ലെന്നും പ്രസ്തുത കമ്മിറ്റി ചൂണ്ടിക്കാണിക്കുകയുണ്ടായി. റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു മുതിർന്ന ഉദ്യോഗസ്ഥനെ നിയമിക്കുവാനും കമ്മിറ്റി നിർദ്ദേശിക്കുകയുണ്ടായി.

2. 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റിന്റെ (2007-ലെ 8) 9-ാം വകുപ്പ് പ്രകാരം, ട്രാൻസ്പോർട്ട് കമ്മീഷണർ പ്രസ്തുത ആക്റ്റിലെ 3-ാം വകുപ്പിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ റോഡ് സുരക്ഷാ കമ്മീഷണർ എക്സ്-ഒഫീഷ്യോ ആയിരിക്കുന്നതാണ്. റോഡ് സുരക്ഷയ്ക്കുള്ള സുപ്രീംകോടതി കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം പ്രസ്തുത ആക്റ്റിന്റെ 9-ാം വകുപ്പിന് ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ട് ഒരു മുഴുവൻ സമയ റോഡ് സുരക്ഷാ കമ്മീഷണറെ നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചു. ആക്റ്റിന്റെ ആവശ്യത്തിലേക്കായി പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ മുഴുവൻ സമയ റോഡ് സുരക്ഷാ കമ്മീഷണറായി സർക്കാരിന് നിയമിക്കാവുന്നതാണ് എന്ന് പകരം കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന 9-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2017-ലെ കേരള റോഡ്

സുരക്ഷാ അതോറിറ്റി (ഭേദഗതി) ഓർഡിനൻസ് 2017 നവംബർ 20-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017 ലെ 25-ാം നമ്പർ ഓർഡിനൻസ് ആയി 2017 നവംബർ 21-ാം തീയതിയിലെ 2564-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡപ്രകാരം പകരം കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന 9-ാം വകുപ്പ് പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ മുഴുവൻ സമയ റോഡ് സുരക്ഷാ കമ്മീഷണറായി നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ തസ്തികയിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുമ്പോൾ പ്രസ്തുത ഉദ്യോഗസ്ഥന് മാതൃവകുപ്പിലെ വേതനവും മറ്റ് അനുബന്ധ ബത്തകളും നൽകേണ്ടതുണ്ട്. ഇതിന് ഏകദേശം 26,64,000/- രൂപ (ഇരുപത്തി ആറ് ലക്ഷത്തി അറുപത്തി നാലായിരം രൂപ) വാർഷിക ചെലവ് പ്രതീക്ഷിക്കുന്നു. മേൽ പ്രസ്താവിച്ച തുക കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നോൺ പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതാണ്. ഇപ്രകാരമല്ലാതെ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും മറ്റ് ചെലവുകൾ ഉണ്ടാകുന്നതല്ല.

എ. കെ. ശശീന്ദ്രൻ

## 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റിൽ (2007-ലെ 8) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

9. റോഡ് സുരക്ഷാ കമ്മീഷണർ.—ട്രാൻസ്പോർട്ട് കമ്മീഷണർ, ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി റോഡ് സുരക്ഷാ കമ്മീഷണർ എക്സ്-ഒഫീഷ്യോ, ആയിരിക്കുന്നതാണ്.

** ** ** **